Malappuram District Police

**14/03/2018 മലപ്പുറം**

ഓൺലൈന് തട്ടിപ്പ് കേസ് പ്രതിയെ അറസ്റ്റ് ചെയ്തു. നൈജീരിയ സ്വദേശിനിയായ ബെല്ലോ പമിലെറിൻ ഡെബോറ (23 വയസ്സ്) എന്നയാളെയാണ് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹറയുടെ നിർദ്ദേശപ്രകാരം മലപ്പുറം SHO പ്രേംജിത്ത് നിയോഗിച്ച പ്രത്യേക സംഘം കഴിഞ്ഞ ദിവസം ബാംഗ്ലൂരിലെ MS പാളയ എന്ന സ്ഥലത്തുനിന്നും അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ജനുവരി മാസമാണ് കേസിനാസ്പദമായ സംഭവം നടന്നത്. പരസ്യ വെബ്സൈറ്റിൽ തൻരെ ഇലക്ട്രോണിക് ഉപകരണം വിൽക്കാന് പരസ്യം ചെയ്ത പരാതിക്കാരനെ അമേരിക്കയിൽ നിന്നെന്ന മട്ടില് ബന്ധപ്പെട്ട പണം അക്കൌണ്ടിലേക്ക് ട്രാൻസ്ഫര് ചെയ്യാം എന്ന് വിശ്വസിപ്പിച്ച പ്രതി സാധനം കൊറിയർ മുഖാന്തിരം കൈക്കലാക്കുകയായിരുന്നു. പിന്നീട് പണം ട്രാൻസ്ഫര് ചെയ്യുന്നതിന് ഇന്റര് നാഷണല് ട്രാൻസ്ഫര് ചാർജ് എന്ന പേരിൽ ഒരു ലക്ഷത്തോളം രൂപ കൈക്കലാക്കുകയും ചെയ്തു എന്ന പരാതിയിൽ അന്വേഷണം നടത്തിയതിലാണ് പ്രതി പിടിയിലായത്.

ഓൺലൈന് ലോട്ടറി, അനന്തരാവകാശികളില്ലാത്ത സമ്പന്നന്റെ സ്വത്ത് നൽകുന്നു, വിലപിടിപ്പുള്ള വസ്തുക്കൾ കുറഞ്ഞ വിലക്ക് തുടങ്ങിയ പതിവ് ഓൺലൈന് തട്ടിപ്പുകളില് നിന്നും വിഭിന്നമായി പുതിയതായി ആരംഭിച്ച തട്ടിപ്പ് രീതിയിലുൾപ്പെട്ട പ്രധാന പ്രതിയാണ് പിടിയിലായത്.

വിവിധ ഓൺലൈന് പരസ്യ വെബ്സൈറ്റുകള് നിരന്തരം നിരീക്ഷിക്കുന്ന പ്രതികള് വിവിധ സാധനങ്ങള് വാങ്ങാനെന്ന മട്ടിൽ വ്യാജമായി തയ്യാറാക്കിയ നമ്പറുകള് ഉപയോഗിച്ച് വാട്ട്സാപ്പ് മുതലായ മെസേജിംഗ് ആപ്ലിക്കേഷൻ ഉപയോഗിച്ച് ആളുകളെ ബന്ധപ്പെടുന്ന സംഘം ബന്ധുക്കൾക്ക് ഗിഫ്റ്റ് കൊടുക്കാനാണെന്നും മറ്റും പറഞ്ഞ് സാധനം അയച്ച് കൊടുക്കാൻ പറയുകയും കൊറിയര് ചെയ്ത ശേഷം പണം

നിങ്ങളുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫര് ചെയ്ത് തരാം എന്നും മറ്റും വാഗ്ദാനം ചെയ്ത് ഏതെങ്കിലും വിലാസം കൊടുക്കും. ഇത് വിശ്വസിച്ച് സാധനം അയച്ച് കൊടുക്കുന്ന ആളുകൾക്ക് പണം ട്രാൻസ്ഫര് ചെയ്യുന്നതിനുള്ള വിവിധ ചാർജുകളെന്ന പേരില് അവര് നൽകുന്ന അക്കൌണ്ടുകളിലേക്ക് പണം ട്രാൻസ്ഫര് ചെയ്യാന് പറയുകയും അത് ചിലര് വിശ്വസിച്ച് പണം ട്രാൻസ്ഫര് ചെയ്ത് തട്ടിപ്പിനിരയാകുകയും ചെയ്യുന്നു. അമേരിക്കയുടേയും യൂറോപ്യൻ രാജ്യങ്ങളുടേതും മറ്റുമായി തോന്നുന്ന വിർച്വല് നമ്പറുകളാണ് പ്രതികള് ആളുകളെ ബന്ധപ്പെടാന് ഉപയോഗിക്കുന്നതെന്നതിനാല് ഇത് വെച്ച് പ്രതികളെ കണ്ടെത്തുകയെന്നത് ശ്രമകരമാണ്. ഈ ഇനം തട്ടിപ്പുകൾ കൂടുതലും ബാഗ്ലൂര് കേന്ദ്രീകരിച്ചാണ് നടക്കുന്നതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

മലപ്പുറം എസ്.ഐ ബി.എസ്. ബിനുവിന്റെ നേതൃത്വത്തിൽ, എസ്.ഐ അബ്ദുൽറഷീദ്. ടി, സ്പെഷ്യൽ സ്കാഡ് അംഗങ്ങളായ സ്രാമ്പിക്കൽ മുഹമ്മദ് ഷാക്കിര്, എൻ.എം. അബ്ദുല്ല ബാബു, വനിതാ സിപിഒ മാരായ ശാലിനി, ശ്യാമ എന്നിവരടങ്ങിയ സംഘമാണ് ബാംഗ്ലൂരിൽ നിന്നും പ്രതിയെ അറസ്റ്റ് ചെയ്തത്.